ഭരണഭാഷ – മാതൃഭാഷ

# ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ നടപടിക്രമം.

(ഹാജർ : ശ്രീ.ബി.റ്റി.വി.കൃഷ്ണൻ, ബി.ടെക്)

**ഉത്തരവ് : നമ്പർ B2/161/2021/CE തീയതി : 25/02/2021**

വിഷയം :- ഹാർബർ എൻജിനീയറിംഗ് വകുപ്പ് – അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയിലെ 2021 ലെ പൊതു സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- 23/02/2021 ലെ സ.ഉ (സാധാ) നം. 123/2021/മ.തു.വ

ഹാർബർ എൻജിനീയറിംഗ് വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികയിലെ സ്ഥാനക്കയറ്റ നിയമനങ്ങൾ പരാമർശം (1) പ്രകാരം ഉത്തരവായതു നിമിത്തം 3 അസിസ്റ്റന്റ് എൻജിനീയർമാരുടെ ഒഴിവുകൾ നികത്തേണ്ടതുണ്ട്. കൂടാതെ 2021 വർഷത്തിലേക്കുള്ള പൊതുസ്ഥലംമാറ്റ അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

ഹാർബർ എൻജിനീയറിംഗ് വിഴിഞ്ഞം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) ശ്രീ.അരുൺ മാത്യൂസ് വിഴിഞ്ഞം സബ് ഡിവിഷനു കീഴിൽ നിർവ്വഹിച്ചു വരുന്ന പല പ്രവൃത്തികളിലും അകാരണമായി കാലതാമസം വരുത്തിയിട്ടുള്ളതായും സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പെടെ വിവിധ രജിസ്റ്ററുകൾ കൃത്യമായി കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടിയാനെ സ്ഥലം മാറ്റി നിയമിക്കേണ്ടത് അനിവാര്യമാണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന പൊതു സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഹാർബർ എൻജിനീയറിംഗ് വിഴിഞ്ഞം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീ.അരുൺ മാത്യുസിനെ ഉത്തരമേഖലാ സൂപ്രണ്ടിംഗ് എൻജിനീയറുടെ കാര്യാലയത്തിലേക്കും കരുനാഗപ്പള്ളി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) ശ്രീമതി.റ്റി.അജിതയെ വിഴിഞ്ഞം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലേക്കും സ്ഥലം മാറ്റി നിയമിക്കുന്നു.

2. ഹാർബർ എൻജിനീയറിംഗ് കാസർഗോഡ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീ.ആർ.വി.അനൂബിനെ ചെല്ലാനം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലേയ്ക്കും ചെല്ലാനം സബ് ഡിവിഷനിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീ.കെ.സതീഷ്ചന്ദ്രനെ തോട്ടപ്പള്ളി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീമതി.വി.പി.അനുജയ്ക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായി സ്ഥാനക്കയറ്റം ലഭിച്ചതിലൂടെയുണ്ടായ ഒഴിവിലും നിയമിക്കുന്നു.

3. ബേപ്പൂർ ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീ.പി.അനിൽകുമാറിനെ കരുനാഗപ്പള്ളി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

എൻജിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീമതി.റ്റി.അജിതയെ സ്ഥലം മാറ്റുന്ന ഒഴിവിൽ നിയമിക്കുന്നു.

4. കാസർഗോഡ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീ.പി.ഹരിലാലിനെ ചീഫ് എൻജിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീമതി.വി.ബിന്ദുവിനു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായി സ്ഥാനക്കയറ്റം ലഭിച്ചതു വഴി ഉണ്ടായ ഒഴിവിൽ നിയമിക്കുന്നു.

5. ഹാർബർ എൻജിനീയറിംഗ് ഉത്തരമേഖലാ സൂപ്രണ്ടിംഗ് എൻജിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീമതി.പി.വി.ഷീബയെ മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എൻജിനീയറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് എൻജിനീയർ ശ്രീ.കെ.ബാബുമോന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായി സ്ഥാനക്കയറ്റം ലഭിച്ചതു വഴിയുണ്ടായ ഒഴിവിൽ നിയമിക്കുന്നു.

ടി സ്ഥലം മാറ്റ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

ഒപ്പ്,
ചീഫ് എൻജിനീയർ

സ്വീകർത്താവ്

വ്യക്തിക്ക് (ഓഫീസ് മേധാവി മുഖേന)

പകർപ്പ് :- സൂപ്രണ്ടിംഗ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് ദക്ഷിണമേഖല, തിരുവനന്തപുരം
" സൂപ്രണ്ടിംഗ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് മദ്ധ്യമേഖല, എറണാകുളം.
" സൂപ്രണ്ടിംഗ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് ഉത്തരമേഖല, കോഴിക്കോട്
" എക്സിക്യൂട്ടീവ് എൻജിനീയർ, തിരുവനന്തപുരം / കൊല്ലം / ആലപ്പുഴ / എറണാകുളം /കോഴിക്കോട്/ കാസർഗോഡ്
" അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ , വിഴിഞ്ഞം / കരുനാഗപ്പള്ളി/ ചെല്ലാനം / തോട്ടപ്പള്ളി / ബേപ്പൂർ ഇൻവസ്റ്റിഗേഷൻ / കാസർഗോഡ്
" ഡെപ്യൂട്ടി ചീഫ് എൻജിനീയർ / എക്സിക്യൂട്ടീവ് എൻജിനീയർ ഡിസൈൻ, ചീഫ് എൻജിനീയറുടെ.പി.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ I,
" അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ II/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് / സീനിയർ സൂപ്രണ്ട് (എസ്റ്റാ.അക്കൗണ്ട്സ്) /ബി3, ബി4 /എ6 സെക്ഷനുകൾക്ക്.
" ഐ.റ്റി.സെൽ

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T1/പി.ജെ